"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജക മണ്ഡലത്തിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ചായം - പെരിങ്ങമ്മല റോഡിൽ വാമനപുരം നദിയ്ക്ക് കുറുകെ പൊന്നാംചൂണ്ട് പാലം നിർമ്മാണ പ്രവർത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.31/2025/PWD    തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:-

1. സ.ഉ (സാധാ) നമ്പർ.538/2012/പൊമവ തീയതി 30.03.2012
2. സ.ഉ (പി) നം.54/2019/ധന തീയതി 04/05/2019
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 2/4/2024 , 07-11-2024 തീയതികളിലെ No.CEPWD/8571/2022-AB3-BR നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജക മണ്ഡലത്തിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി ചായം- പെരിങ്ങമ്മല റോഡിൽ വാമനപുരം നദിയ്ക്ക് കുറുകെ പൊന്നാംചൂണ്ട് പാലം നിർമ്മാണ പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 10,00,00,000/- (പത്ത് കോടി രൂപാ മാത്രം) രൂപയുടെ ഭരണാനുമതി നൽകി. ഇതേ തുകയ്ക്ക് തന്നെ 31/01/2024 തീയതി പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതികാനുമതിയും നൽകി

2) പ്രസ്തുത പ്രവർത്തിക്ക് 7,57,58,729.00/- രൂപ എസ്റ്റിമേറ്റ് പി എ സി കണക്കാക്കി 01/02/2024 തീയതി ആദ്യ ദർഘാസ് ക്ഷണിച്ചു. ടെണ്ടർ ക്ലോസിംഗ് തീയതി 13/02/2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടും ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. 19/02/2024 തീയതി പ്രവർത്തി റീ ടെണ്ടർ ചെയ്തു. ഇത്തവണയും M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്-ന്റെ ഏക ദർഘാസ് മാത്രമാണ് ലഭിച്ചത് . പ്രവർത്തി 29/08/2024 ൽ മൂന്നാമതും ടെണ്ടർ ചെയ്തു. എന്നാൽ ഒരാൾ ( M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്) മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്. M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് പി എ സി യെക്കാളും 24.84% അധികരിച്ചതിനാൽ ലേലക്കാരനുമായി നെഗോസിയേഷൻ

നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുകയിൽ കുറവ് വരുത്തുവാൻ ലേലക്കാരൻ വിസമ്മതിച്ചു. ടിയാൻ ക്വാട്ട് ചെയ്ത തുക DSoR 2018+10% എന്ന പരിധിയേക്കാൾ കൂടുതലും LMR പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞതുമാണ്.

3) ക്വോട്ട് ചെയ്ത നിരക്കിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| Estimate PAC | Rs. 7,57,58,729/- |
| Negotiated Contract PAC (24.84% above the Estimate PAC) | Rs. 9,45,75,641.93/- |
| LMR amount (32.82% above the Estimate PAC) | Rs. 10,28,93,266.10/ |
| Estimate PAC based on DSoR 2018+10% tolerance limit | Rs. 8,34,29,386/ |

4) തിരുവനന്തപുരം ജില്ലയിലെ മലയോര ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്നതാണ് പൊന്നാംചൂണ്ട് പാലം. എല്ലാ മഴക്കാലത്തും ചപ്പാത്ത് മാതൃകയിലുള്ള നിലവിലെ പാലത്തിന് മുകളിലൂടെ വാമനപുരം നദി കവിഞ്ഞൊഴുകുകയും ഇത് വഴിയുള്ള ഗതാഗതം തടസപ്പെടുകയും ചെയ്യുന്നത് പതിവാണ്. മലയോര ഭാഗമായതിനാൽ ഉൾവനത്തിൽ ഉണ്ടാകുന്ന മഴകാരണം പെട്ടന്നു തന്നെ നദിയിൽ ജലനിരപ്പ് ഉയരുന്നതും വന്മരങ്ങൾ ഉൾപ്പടെ നദിയിലൂടെ ഒഴുകിവരുന്നതും പതിവാണ്. സൈറ്റിലെ സാഹചര്യം നിമിത്തം നിർമ്മാണപ്രവൃത്തികൾ സുഗമമായി നടത്തുവാൻ സാധിക്കാത്തതിനാലാണ് മൂന്ന് തവണ ടെണ്ടർ ചെയ്തിട്ടും കരാറുകാരുടെ മതിയായ പ്രാതിനിധ്യം ഉണ്ടാകാതിരുന്നതെന്നും ഈ സാഹചര്യത്തിൽ തുടർന്ന് ടെണ്ടർ ചെയ്താലും കുറഞ്ഞ ക്വാട്ട് ലഭിക്കാനുള്ള സാധ്യത വിദൂരമാണെന്നും ആയതിനാൽ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മൂന്നാമത്തെ തവണ എസ്റ്റിമേറ്റ് പി എ സി യേക്കാൾ 24.84% അധികരിച്ച് ക്വോട്ട് ചെയ്ത 9,45,75,642/- (ഒൻപത് കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂററി നാൽപ്പത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നതാണ് അഭികാമ്യമെന്നും ചീഫ് എഞ്ചിനീയർ , പാലങ്ങൾ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകമണ്ഡലത്തിലുള്ള മലയോര ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന പൊന്നാംചൂണ്ട് പാലം നിർമാണത്തിനായി 30/03/2012-ലാണ് ഭരണാനുമതി നല്കിയത്. മൂന്ന് തവണ ടെണ്ടർ ചെയ്തപ്പോഴും എല്ലാ ടെണ്ടറിലും ഏക പങ്കാളിത്തം മാത്രമാണ് ഉണ്ടായിട്ടുള്ളത്. മഴക്കാലത്ത് ചപ്പാത്ത് മാതൃകയിലുള്ള നിലവിലെ പാലത്തിന് മുകളിലൂടെ വാമനപുരം നദി കവിഞ്ഞൊഴുകുകയും ചപ്പാത്ത് വഴിയുള്ള ഗതാഗതം തടസപ്പെടുകയും ചെയ്യുന്നത് പതിവാണ്. മലയോര ഭാഗമായതിനാൽ ഉൾവനത്തിൽ ഉണ്ടാകുന്ന

മഴകാരണം പെട്ടന്നു തന്നെ നദിയിൽ ജലനിരപ്പ് ഉയരുന്നതും വന്മരങ്ങൾ ഉൾപ്പടെ നദിയിലൂടെ ഒഴുകിവരുന്നതും പതിവാണ്. സൈറ്റിലെ സാഹചര്യം നിമിത്തം നിർമ്മാണപ്രവൃത്തികൾ സുഗമമായി നടത്തുവാൻ സാധിക്കാത്തതിനാലാണ് മൂന്ന് തവണ ടെണ്ടർ ചെയ്തിട്ടും കരാറുകാരുടെ മതിയായ പ്രാതിനിധ്യം ഉണ്ടാകാതിരുന്നതെന്നും ഈ സാഹചര്യത്തിൽ തുടർന്ന് ടെണ്ടർ ചെയ്താലും കുറഞ്ഞ ക്വാട്ട് ലഭിക്കാനുള്ള സാധ്യത വിദൂരമാണെന്നും ആയതിനാൽ **M/s** ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മൂന്നാമത്തെ തവണ എസ്റ്റിമേറ്റ് പി എ സി യേക്കാൾ **24.84%** അധികരിച്ച് ക്വോട്ട് ചെയ്ത **9,45,75,642/-** (ഒൻപത് കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂററി നാൽപ്പത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നതാണ് അഭികാമ്യമെന്ന പരാമർശം(3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് പരാമർശം (2) ഉത്തരവിലെ നിബന്ധനകളിൻമേൽ ഇളവ് നൽകി, **M/s** ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മൂന്നാമത്തെ തവണ എസ്റ്റിമേറ്റ് പി എ സി യേക്കാൾ **24.84%** അധികരിച്ച് ക്വോട്ട് ചെയ്ത **9,45,75,642/-** (ഒൻപത് കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂററി നാൽപ്പത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ഏക ദർഘാസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (I&PW-B3/272/2022-FIN(E- 2151014) dated 26-03-2025)
പൊതുഭരണ എസ്.സി വകുപ്പ് ( ഇനം. 2924 തീയതി 7/5/2025)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള,
തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, (വെബ്& ന്യൂ മീഡിയ) വിവര പൊതുജന
സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ (എച്ച്2/2/2025/പൊമവ)

ഉത്തരവിൻ പ്രകാരം

Signed by
Jameela S
സെക്ഷൻ ഓഫീസർ
Date: 13-05-2025 11:05:55

പകർപ്പ്-
ബഹു. പൊതുമരാമത്ത് മന്ത്രിയുടെ പി.എസിന്
പൊതുമരാമത്ത് സെക്രട്ടറിയുടെ സി.എയ്ക്ക്

25

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 07-05-2025

ഫയൽ നം. പി.ഡബ്ല്യൂ.ഡി.-എച്ച്2/2/2025/പി.ഡബ്ല്യൂ.ഡി. ഇനം നം: 2924

വിഷയം : പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ അരുവിക്കര നിയോജക മണ്ഡലത്തിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ചായം - പെരിങ്ങമ്മല റോഡിൽ വാമനപുരം നദിയ്ക്ക് കുറുകെ പൊന്നാംചുണ്ട് പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് 04.05.2019-ലെ സ.ഉ.(പി).നം.54/2019/ധന. ഉത്തരവിലെ നിബന്ധനകളിന്മേൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

(13)

2924

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | പി.ഡബ്ല്യൂഡി-എച്ച്2/2/2025-പി.ഡബ്ല്യൂഡി |
| 2. | വകുപ്പ് | പൊതുമരാമത്ത് (എച്ച്) വകുപ്പ് |
| 3. | വിഷയം | "തിരുവനന്തപുരം ജില്ലയിൽ അരുവിക്കര നിയോജക മണ്ഡലത്തിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ചായം - പെരിങ്ങമ്മല റോഡിൽ വാമനപുരം നദിയ്ക്ക് കുറുകെ പൊന്നാംചൂണ്ട് പാലം നിർമ്മാണ പ്രവർത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് 04.05.2019-ലെ സ.ഉ(പി) നം. 54/2019/ധന ഉത്തരവിലെ നിബന്ധനകളിന്മേൽ ഇളവ് വരുത്തി അംഗീകരിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18.04.2025 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതേ<br>ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ബാധകമല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഷിബു എ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. ബിജു കെ. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 28/04/25 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29/04/25 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29/04/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30/04/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 7/05/2025 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | സ.ഉ(സാധാ)നം. 31/2025/PWD<br>Dated 12/05/2025 |

# മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജക മണ്ഡലത്തിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ചായം - പെരിങ്ങമ്മല റോഡിൽ വാമനപുരം നദിയ്ക്ക് കുറുകെ പൊന്നാംചൂണ്ട് പാലം നിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പി എ സി യേക്കാൾ 24.84% അധികരിച്ച് M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത 9,45,75,642/- (ഒൻപത് കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂറ്റി നാൽപ്പത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) 30.03.2012 തീയതിയിലെ സ.ഉ (സാധാ)നമ്പർ.538/2012/പൊമവ പ്രകാരം മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജക മണ്ഡലത്തിൽ ചായം- പെരിങ്ങമ്മല റോഡിൽ വാമനപുരം നദിയ്ക്ക് കുറുകെ പൊന്നാംചൂണ്ട് പാലം നിർമ്മാണ പ്രവൃത്തിക്ക് 10,00,00,000/- (പത്ത് കോടി രൂപാ മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി ഇതേ തുകയ്ക്ക് തന്നെ 31/01/2024 തീയതി പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതികാനുമതിയും നൽകി.

3) പ്രസ്തുത പ്രവർത്തിക്ക് 7,57,58,729.00/- രൂപ എസ്റ്റിമേറ്റ് പി എ സി കണക്കാക്കി 01/02/2024 തീയതി ആദ്യ ദർഘാസ് ക്ഷണിച്ചു. ടെണ്ടർ ക്ലോസിംഗ് തീയതി 13/02/2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടും ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. 19/02/2024 തീയതി പ്രവർത്തി റീ ടെണ്ടർ ചെയ്തു. ഇത്തവണയും M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്-ന്റെ ഏക ദർഘാസ് മാത്രമാണ് ലഭിച്ചത് .

പ്രവർത്തി റീ ടെണ്ടർ ചെയ്യാൻ സർക്കാർ നിർദ്ദേശിച്ചതിനെ തുടർന്ന് 29/08/2024 ൽ മൂന്നാമതും ടെണ്ടർ ചെയ്തു. എന്നാൽ ഒരാൾ ( M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്) മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്. M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് പി എ സി യെക്കാളും 24.84% അധികരിച്ചതിനാൽ ലേലക്കാരനുമായി നെഗോസിയേഷൻ നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുകയിൽ കുറവ് വരുത്തുവാൻ ലേലക്കാരൻ വിസമ്മതിയ്ക്കുകയുണ്ടായി. ടിയാൻ ക്വാട്ട് ചെയ്ത തുക DSoR 2018+10% എന്ന പരിധിയേക്കാൾ കൂടുതലും LMR പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞതുമാണ്.

4) ക്വോട്ട് ചെയ്ത നിരക്കിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| Estimate PAC | Rs 7,57,58,729/- |
| Negotiated Contract PAC (24.84% above the Estimate PAC) | Rs. 9,45,75,641.93/- |
| LMR amount (32.82% above the Estimate PAC) | Rs. 10,28,93,266.10/- |
| Estimate PAC based on DSoR 2018+10% tolerence limit | Rs. 8,34,29,386/- |

5) തിരുവനന്തപുരം ജില്ലയിലെ മലയോര ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്നതാണ് പൊന്നാംചൂണ്ട് പാലം. എല്ലാ മഴക്കാലത്തും ചപ്പാത്ത് മാതൃകയിലുള്ള നിലവിലെ പാലത്തിന് മുകളിലൂടെ വാമനപുരം നദി കവിഞ്ഞൊഴുകുകയും ഇത് വഴിയുള്ള ഗതാഗതം തടസപ്പെടുകയും ചെയ്യുന്നത് പതിവാണ്. മലയോര ഭാഗമായതിനാൽ ഉൾവനത്തിൽ ഉണ്ടാകുന്ന മഴകാരണം പെട്ടന്നു തന്നെ നദിയിൽ ജലനിരപ്പ് ഉയരുന്നതും വന്മരങ്ങൾ ഉൾപ്പടെ നദിയിലൂടെ ഒഴുകിവരുന്നതും പതിവാണ്. സൈറ്റിലെ സാഹചര്യം നിമിത്തം നിർമ്മാണപ്രവൃത്തികൾ സുഗമമായി നടത്തുവാൻ സാധിക്കാത്തതിനാലാണ് മൂന്ന് തവണ ടെണ്ടർ ചെയ്തിട്ടും കരാറുകാരുടെ മതിയായ പ്രാതിനിധ്യം ഉണ്ടാകാതിരുന്നതെന്നും ഈ സാഹചര്യത്തിൽ തുടർന്ന് ടെണ്ടർ ചെയ്താലും കുറഞ്ഞ ക്വാട്ട് ലഭിക്കാനുള്ള സാധ്യത വിദൂരമാണെന്നും ആയതിനാൽ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മൂന്നാമത്തെ തവണ എസ്റ്റിമേറ്റ് പി എ സി യേക്കാൾ 24.84% അധികരിച്ച് ക്വോട്ട് ചെയ്ത 9,45,75,642/- (ഒൻപത് കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂററി നാൽപ്പത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നതാണ് അഭികാമ്യമെന്നും ചീഫ് എഞ്ചിനീയർ , പാലങ്ങൾ ശിപാർശ ചെയ്തു.

6) മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

***"In case AD/CE Bridges feel that there will be no change in estimate amount after reworking the estimate and no scope in getting a better response even on recall of tenders, then the tender of single bid of M/s ULCCS Ltd at quoted amount of Rs. 9,45,75,641.93/- which is 24.84% above the Tendered PAC may be placed before Council of Ministers for getting approval, with full justification . This has the approval of Hon'ble Minister (Finance)."***

7) തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകമണ്ഡലത്തിലുള്ള മലയോര ഹൈവേയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന പൊന്നാംചുണ്ട് പാലം നിർമാണത്തിനായി 30/03/2012-ലാണ് ഭരണാനുമതി ലഭിച്ചത്. മൂന്ന് തവണ ടെണ്ടർ ചെയ്തപ്പോഴും എല്ലാ ടെണ്ടറിലും ഏക പങ്കാളിത്തം മാത്രമാണ് ഉണ്ടായിട്ടുള്ളത്. മഴക്കാലത്ത് ചപ്പാത്ത് മാതൃകയിലുള്ള നിലവിലെ പാലത്തിന് മുകളിലൂടെ വാമനപുരം നദി കവിഞ്ഞൊഴുകുകയും ചപ്പാത്ത് വഴിയുള്ള ഗതാഗതം തടസപ്പെടുകയും ചെയ്യുന്നത് പതിവാണ്. മലയോര ഭാഗമായതിനാൽ ഉൾവനത്തിൽ ഉണ്ടാകുന്ന മഴകാരണം പെട്ടന്നു തന്നെ നദിയിൽ ജലനിരപ്പ് ഉയരുന്നതും വന്മരങ്ങൾ ഉൾപ്പടെ നദിയിലൂടെ ഒഴുകിവരുന്നതും പതിവാണ്. സൈറ്റിലെ സാഹചര്യം നിമിത്തം നിർമ്മാണപ്രവൃത്തികൾ സുഗമമായി നടത്തുവാൻ സാധിക്കാത്തതിനാലാണ് മൂന്ന് തവണ ടെണ്ടർ ചെയ്തിട്ടും കരാറുകാരുടെ മതിയായ പ്രാതിനിധ്യം ഉണ്ടാകാതിരുന്നതെന്നും ഈ സാഹചര്യത്തിൽ തുടർന്ന് ടെണ്ടർ ചെയ്താലും കുറഞ്ഞ ക്വാട്ട് ലഭിക്കാനുള്ള സാധ്യത വിദൂരമാണെന്നും ആയതിനാൽ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മൂന്നാമത്തെ തവണ എസ്റ്റിമേറ്റ് പി എ സി യേക്കാൾ 24.84% അധികരിച്ച് ക്വോട്ട് ചെയ്ത 9,45,75,642/- (ഒൻപത് കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂററി നാൽപ്പത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നതാണ് അഭികാമ്യമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അഭിപ്രായവും ധനകാര്യവകുപ്പിന്റെ അഭിപ്രായവും പരിഗണിച്ച് ടെണ്ടർ അംഗീകരിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. പൊതുമരാമത്ത് മന്ത്രി മുഖാന്തിരം ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജക മണ്ഡലത്തിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ചായം - പെരിങ്ങമ്മല റോഡിൽ വാമനപുരം നദിയ്ക്ക് കുറുകെ പൊന്നാംചൂണ്ട് പാലം നിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പി എ സി യേക്കാൾ 24.84% അധികരിച്ച് M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത 9,45,75,642/- (ഒൻപത് കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂററി നാൽപ്പത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ഏക ദർഘാസ് സ.ഉ (പി) നം.54/2019/ധന ഉത്തരവിലെ നിബന്ധനകളിൻമേൽ ഇളവ് നൽകി അംഗീകരിക്കാമോ?